# പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1234 07.06.2018 ൽ മറുപടിക്ക്**

**റോഡുകളുടെ അറ്റകുറ്റപണികൾ**

| ചോദ്യം<br>ശ്രീ.ഷാഫി പറമ്പിൽ | ഉത്തരം<br>ശ്രീ. ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
|---|---|
| എ) റോഡുകളുടെ അറ്റകുറ്റപ്പണികൾക്ക് വേണ്ടി ചെലവഴിക്കപ്പെടുന്ന തുകയിൽ കുറവ് വരുത്തുവാൻ എന്തെല്ലാം നടപടികളാണ് നടപ്പാക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ; | എ) റോഡുകളുടെ അറ്റകുറ്റപ്പണികൾക്ക് വേണ്ടി ചെലവഴിക്കപ്പെടുന്ന തുകയിൽ കുറവ് വരുത്തുന്നതിനു വേണ്ടി റോഡുകളുടെ കേടുപാടുകൾ ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെടുമ്പോൾ അവ ഗുണനിലവാരത്തോടെ യഥാസമയം പരിഹരിക്കുക, മഴ മുഖേന കേടുപാടുകൾ ഉണ്ടാകുന്നത് തടയുന്നതിനായി മഴക്കാല പൂർവ്വ പ്രവർത്തികളും മഴക്കാല ശേഷ പ്രവർത്തികളും നടപ്പാക്കുക, റോഡിലെ വെള്ളക്കെട്ട് ഒഴിവാക്കുന്നതിനായി ഓടകളും ഓവുകളും വൃത്തിയാക്കി വെള്ളത്തിന്റെ ഒഴുക്ക് സുഗമമാക്കുക, മഴക്കാലത്ത് ടാറിംഗ് പ്രവർത്തികൾ ഒഴിവാക്കുക, റോഡിന്റെ ഉപരിതലം യഥാസമയം പുതുക്കി നിർമ്മിക്കുക, എല്ലാ റോഡുകളും ബിഎം & ബിസി ഉപയോഗിച്ച് മെച്ചപ്പെടുത്തുക എന്നിവയിലൂടെ റോഡുകളുടെ അറ്റകുറ്റ പണികൾക്ക് വേണ്ടി ചെലവഴിക്കുന്ന തുകയിൽ ഭാവിയിൽ കുറവ് വരുത്തുവാൻ സാധിക്കുന്നതാണ്. |
| ബി) ഇതിനായി എന്തെല്ലാം പുതിയ നിർമ്മാണരീതികളാണ് പരീക്ഷിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ? | ബി) വെള്ളക്കെട്ട് ഉള്ള ഭാഗങ്ങളിൽ കോൺക്രീറ്റ് ഇന്റർലോക്ക് ഉപയോഗിച്ച് റോഡ് നിർമ്മിക്കുക, റോഡിന് ആവശ്യമായ ഡ്രെയിനേജ് സംവിധാനം ഒരുക്കുക, റോഡ് കൂടുതൽ ഈടുറ്റതാക്കുന്നതിനായി NRMB, Plastic, കയർ ഭൂവസ്ത്രം മുതലായ സാങ്കേതിക വിദ്യകൾ ഉപയോഗിച്ച് റോഡ് നിർമ്മിക്കുക മുതലായ നടപടികൾ സ്വീകരിച്ച് വരുന്നു. റോഡുകളിലുണ്ടാകുന്ന ചെറിയ കുഴികൾ ബിറ്റുമിനസ് കോൾഡ് മിക്സ് ഉപയോഗിച്ച് അടയ്ക്കുന്ന സംവിധാനം, കൂടുതൽ നടപ്പാക്കാൻ ഉദ്ദേശിക്കുന്നു. |

സെക്ഷൻ ഓഫീസർ